# PRESS RELEASE

## റോഡപകട നിയമ, പ്രഥമ ശുശ്രൂഷ സെമിനാർ

വാഹനങ്ങൾ ഓടിക്കുന്നവർക്കും, പൊതുജനങ്ങൾക്കുമായി സൗജന്യ റോഡപകട നിയമ പ്രഥമ ശുശ്രൂഷ സെമിനാർ 6-11-05, ഞായറാഴ്ച വൈകിട്ട് 4 മുതൽ 6-30 വരെ കോട്ടയം നാഗമ്പടത്തുള്ള 'സ്വർഗ്ഗീയ വിരുന്ന് ' കേന്ദ്രത്തിൽ നടത്തുന്നു. സാമൂഹ്യ സേവന സംഘടനയായ 'റീച്ച് വേൾഡ് വൈഡും', 'കോട്ടയം പോലീസ് പബ്ലിക്ക് റിലേഷനും', കേരള ഓർത്തോപിഡിക് അസോസിയേഷൻ I.T. സെക്രട്ടറിയും ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നത്.

ഇതിന്റെ ഉത്ഘാടനം 4 മണിക്കുള്ള പ്രാരംഭ യോഗത്തിൽ കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി റീബാ വർക്കി നിർവഹിക്കുന്നതും, റീച്ച് വേൾഡ് വൈഡ് ചെയർമാൻ ഡോ: മാത്യു കുരുവിള അദ്ധ്യക്ഷം വഹിക്കുന്നതുമാണ്. പ്രസ്തുത യോഗത്തിൽ വിശിഷ്ടാതിഥികളായി കോട്ടയം പോലീസ് S.P. ശ്രീ. ശ്രീജിത്ത് I.P.S. , അസി. കമാന്റന്റ് ശ്രീ.പി.എ. തമ്പി എന്നിവരും ആത്മീയ നേതാവായ ഡോ: തോമസ് അബ്രാഹാമും സംബന്ധിച്ച് സംസാരിക്കുന്നതാണ്.

തുടർന്ന് കേരളത്തിലെ അസ്ഥി രോഗ വിദഗ്ദരുടെ സംഘടനയുടെ I.T. സെക്രട്ടറിയായ ഡോ: എം.എൽ. ജിമ്മി റോഡപകടങ്ങൾ വരാതിരിക്കാൻ പാലിക്കേ മെഡിക്കൽ കാര്യങ്ങളെക്കുറിച്ചും അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ നൽകേ പ്രഥമ ശുശ്രൂകളെക്കുറിച്ചും ക്ലാസെടുത്ത് പരിശീലനം നൽകുന്നതാണ്. തുടർന്ന് കോട്ടയം ടൗൺ ഈസ്റ്റ് പോലീസ് C.I. ശ്രീ. വിനോദ് കുമാർ അപകടങ്ങൾ തടയാനായും വന്നാൽ സ്വീകരിക്കേതുമായ നിയമ പോലീസ് കാര്യങ്ങളെക്കുറിച്ച് ക്ലാസെടുക്കുന്നതുമാണ്.